III ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ ഗ്രന്ഥശാലകളെ അനുബന്ധിക്കുന്നതായ ബുദ്ധിമുട്ടുകൾ.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. രാഘവൻ പൊഴക്കടവിൽ]

ശ്രീ. പി.സി. തോമസ്സ് (കടുത്തുരുത്തി): സർ, കേരള ഗ്രന്ഥശാലാസംഘം 1946-ൽ ആണ് തിരുവിതാംകൂർ ഗ്രന്ഥശാലാ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടത്. പിന്നീട് തിരുക്കൊച്ചി ഗ്രന്ഥശാലാസംഘമായിത്തീർന്നു. 1957-ൽ കേരള ഗ്രന്ഥശാലാ സംഘമായി വീണ്ടും നാമകരണം ചെയ്യപ്പെടുന്നു. ഈ ഗ്രന്ഥശാലാ സംഘത്തിൽ 4700-ൽപ്പരം ഗ്രന്ഥശാലകൾ അംഗങ്ങളായിട്ടുണ്ട്. തികച്ചും ജനാധിപത്യപരമായിട്ടാണ് ഗ്രന്ഥശാലാസംഘം 1977 വരെ പ്രവർത്തിച്ചത്. എന്നാൽ കക്ഷിതിരിവും അഭിപ്രായവ്യത്യാസവുംമൂലം അനുദിനം ഭരണത്തിൽ സ്തംഭനമുണ്ടാവുകയും 1977 മാർച്ചുമാസത്തിൽ ഒരു ഓർഡിനൻസ് മുഖാന്തിരം സംഘത്തിന്റെ പ്രവർത്തനം ഗവൺമെന്റ് ഏറെടുക്കുകയുമാണ് ചെയ്തത്. താലൂക്ക് ജില്ലാതലത്തിലുള്ള ഭരണസമിതികളെ പിരിച്ചു വിടുകയും സംഘത്തിന്റെ ഭരണം കൺട്രോൾബോർഡിൽ നിക്ഷിപ്തമാക്കുകയും ചെയ്തു. താൽക്കാലികമായി ആറുമാസത്തേക്ക് കൺട്രോൾബോർഡ് ഭരണം ഏറെടുത്തെങ്കിലും എട്ടുവർഷമായിട്ടും കൺട്രോൾബോർഡിന്റെ ഭരണം തുടരുകയാണ്. തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളും പ്രവർത്തകരും ഇല്ലാത്തതിനാൽ ജില്ലാസമിതികളും പലസ്ഥലത്തും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. തൻമൂലം ഗ്രന്ഥശാലാപ്രസ്ഥാനത്തോട് ബന്ധമുള്ള ആളുകൾ കമ്മിറ്റിയിൽ ഇല്ലാത്തതുകൊണ്ട് ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തനം വളരെയധികം മന്ദീഭവിച്ചിരിക്കുകയാണ്. ജനങ്ങളുടെ ഉൽസാഹ ഫലമായിട്ടാണ് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലാണെങ്കിൽ ഗവൺമെന്റിന്റെ ഉടമയിൽ പുസ്തകവിതരണം നടക്കുമ്പോൾ ജനങ്ങളുടെ ചുമതലയിൽ സാംസ്കാരിക പ്രവർത്തകരുടെ കേന്ദ്രമെന്നുള്ള നിലയിൽ ഗ്രന്ഥശാലകളുടെ പ്രവർത്തനം നടക്കുന്നു. ഗവൺമെന്റ് നാമമാത്രമായ് ഗ്രാന്റ് ആണ് ഇന്ന് നൽകുന്നത്. കേരളത്തിൽ ഒരു ഗ്രന്ഥശാലാനിയമം ഇല്ല. പലതവണ ബിൽ അവതരിപ്പിക്കപ്പെട്ടെങ്കിലും നിയമമാക്കാൻ കഴിഞ്ഞിട്ടില്ല. നിയമമാക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണം അവതരിപ്പിച്ച ബില്ലുകളൊക്കെ ഗ്രന്ഥശാലയുടെ ജനകീയസ്വഭാവവും ഉടമാവകാശവും ഉൾക്കൊള്ളുന്ന ഒന്ന് അല്ലായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഗ്രന്ഥശാലകളുടെ സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ടുള്ള ഒരു നിയമം നമുക്ക് ആവശ്യമാണ്. അനതിവിദൂരഭാവിയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഗ്രന്ഥശാലകൾക്ക് ഇപ്പോൾ നൽകുന്ന ഗ്രാന്റ് വളരെ തുച്ഛമാണ്. പുസ്തകത്തിന്റെ വിലയെസംബന്ധിച്ചു പറയുകയാണെങ്കിൽ വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ പുസ്തകവില നൂറുശതമാനം വർദ്ധിക്കുകയുണ്ടായി. എന്നാൽ ഗ്രാന്റ് അതനുസരിച്ച് വർദ്ധിച്ചിട്ടില്ല. പത്തു ശതമാനം മാത്രമേ ഗ്രാന്റ് വർദ്ധിച്ചിട്ടുള്ളൂ. ഗ്രാന്റ് തുക ഗണ്യമായി വർദ്ധി

LIBRARY ARCHIVES Kerala Legislative Assembly

പ്പിക്കണം. ഇപ്പോൾ കിട്ടുന്ന കുറഞ്ഞഗ്രാന്റ് 480 രൂപയും കൂടിയ ഗ്രാന്റ് 2200 രൂപയുമാണ്. വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ രണ്ടുശതമാനം തുകയെങ്കിലും ഗ്രന്ഥശാലകൾക്ക് ഗ്രാന്റായി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. 1982–83–നുശേഷം ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് ലഭിച്ചിട്ടില്ല. രണ്ടുവർഷമായി ഗ്രാന്റ് കുടിശ്ശികയുണ്ട്. അത് ഉടൻതന്നെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മുമ്പ് ഗ്രന്ഥശാലകൾക്ക് ഇലക്ട്രിസിറ്റി സൗജന്യ നിരക്കിൽ നൽകിയിരുന്നു. എന്നാൽ ആ സൗജന്യം പിന്നീട് നിർത്തലാക്കി. ഗ്രന്ഥശാലകൾക്ക് ഇലക്ട്രിസിറ്റി സൗജന്യമായി ലഭിക്കാൻ മുമ്പ് ഉണ്ടായിരുന്ന നിയമം വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഗ്രന്ഥശാലകൾക്ക് കെട്ടിട ഗ്രാന്റുകൾ ഇപ്പോൾ നൽകുന്നത് വളരെ തുച്ഛമാണ്. 1974–ലെ റേറ്റ് അനുസരിച്ചാണ് ഇപ്പോഴും നൽകുന്നത്. കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവ് വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന് അറിയാം. അത് യഥാസമയം ഇപ്പോൾ കിട്ടുന്നുമില്ല. കെട്ടിടഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും യഥാസമയം നൽകുന്നതിനുമുള്ള ഏർപ്പാടുണ്ടാക്കണം. സമഗ്രമായ ഒരു ഗ്രന്ഥശാലാനിയമം നടപ്പാക്കി അതിന്റെയടിസ്ഥാനത്തിൽ ഗ്രന്ഥശാലാപ്രവർത്തനം അഭിവൃദ്ധിപ്പെടുത്തണം. തിരഞ്ഞെടുക്കപ്പെട്ട സമിതികൾ ഭരണരംഗത്ത് വരത്തക്ക സംവിധാനമുണ്ടാകണം. ഗ്രന്ഥശാലകൾക്ക് 25 ശതമാനം സൗജന്യനിരക്കിൽ ടി.വി. നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ ഇപ്പോൾ നടപ്പാക്കുന്ന യുത്ത് ക്ലബ്ബുകൾ ഗ്രന്ഥശാലകളുടെ അഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നുവെങ്കിൽ കൂടുതൽ പ്രയോജനപ്രദമായിരിക്കും. പഞ്ചായത്തുകളും തുച്ഛമായ ഗ്രാന്റാണ് ഗ്രന്ഥശാലകൾക്ക് നൽകുന്നത്. തുച്ഛമായ ഗ്രാന്റുകൾ നൽകുന്ന ഏർപ്പാട് നിർത്തലാക്കിക്കൊണ്ട് പഞ്ചായത്ത് കൂടുതൽ പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥശാലകൾക്ക് വാങ്ങിക്കൊടുക്കുന്ന പുതിയ നയം സ്വീകരിച്ചാൽ കൂടുതൽ പ്രയോജനപ്രദമായിരിക്കും. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ സാക്ഷരത വർദ്ധിപ്പിക്കുന്നതിനും സംസ്കാരം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന സ്ഥാപനമെന്നുള്ള കാഴ്ചപ്പാടിൽ ഗ്രന്ഥശാലകളെ കൂടുതൽ പ്രയോജനപ്രദമായ സ്ഥാപനങ്ങളാക്കി മാറിയെടുക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല കാര്യങ്ങളും ശരിയാണ്. നമ്മുടെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പല നിർദ്ദേശങ്ങളുമാണ് അദ്ദേഹം ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽകൂടി ഉന്നയിച്ചത്. അതിൽ പല പ്രശ്നങ്ങളും ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലിരിക്കുന്ന വിഷയങ്ങളാണ്. 1977–ലാണ് ഗ്രന്ഥശാലാസംഘത്തിന്റെ ഭരണം കൺട്രോൾ ബോർഡിനെ ഏൽപ്പിച്ചുകൊണ്ട് ഓർഡിനൻസ് വഴി ഗവൺമെന്റ് തീരുമാനം നടപ്പിലാക്കിയത്. ഗ്രന്ഥശാലാസംഘങ്ങൾക്ക് നൽകുന്ന വാർഷിക ഗ്രാന്റ് വർദ്ധിപ്പിച്ചുകൊടുക്കണമെന്ന് ഒരു അഭ്യർത്ഥനയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റിന്റെ തോത് 1981 വരെ ഉണ്ടായിരുന്നതിൽനിന്നും വർദ്ധിപ്പിച്ച്, 1982–83 മുതൽ ആ വർദ്ധനവ് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. 1983–84 വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാന്റ് നൽകി കഴിഞ്ഞിട്ടുണ്ട്. നേരത്തെ ഗ്രഡേഷൻ നടക്കുന്നതിലുള്ള കാലതാമസമുണ്ടായി. അതിൽ ഉണ്ടായ ബുദ്ധിമുട്ട്, 1982-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സാഹചര്യത്തിൽ കൺട്രോം ബോർഡിന്റെ പ്രവർത്തനമില്ലായിരുന്നു. കാരണം നമ്മം അഞ്ച് വർഷക്കാലത്തേക്ക് പുറപ്പെടുവിച്ചിരുന്ന ഓർഡിനൻസ് ലാപ്സാവുകയും, ഒരു നിയമം വഴി നേരത്തെ ഉണ്ടായിരുന്ന ഓർഡിനൻസ് പിന്നെ ആക്ടാക്കി, ആക്ടിന്റെ സമയ പരിധി കഴിഞ്ഞുപോയിരുന്നതുകൊണ്ട് പിന്നീട് ഒരു പെറിയ കാലയളവിലേക്ക് നിയമത്തിന് വിധേയമല്ലാത്ത നിലയിൽ ഇത് പ്രവർത്തിക്കേണ്ടതായി വന്നു. ആ കാരണത്താൽ അന്ന് കൺട്രോം ബോർഡ് രൂപീകരിക്കാൻ കഴിഞ്ഞില്ല. വീണ്ടും ഓർഡിനൻസായി പുറപ്പെടുവിച്ച് കേന്ദ്രഗവൺമെന്റിന്റെ അനുമതി ആവശ്യമായി വന്നു. ആ ഓർഡിനൻസ് ഇപ്പോഴും നിലവിലുണ്ട്. അങ്ങനെയാണ് പിന്നീട് കൺട്രോം ബോർഡിന്റെ പ്രവർത്തനം ഏറെറടുത്ത് നടത്തേണ്ടി വന്നത്. അതുകൊണ്ട് ഗ്രഡേഷനു അൽപം താമസം വന്നു. എന്നാണെങ്കിലും മിക്കവാറും എല്ലാ ജില്ലകളിലും പുതിയ കൺട്രോംബോർഡ് വന്നതിനുശേഷം അതിന്റെ ഗ്രഡേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ആ ഗ്രഡേഷൻ പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള കുടിശ്ശിക ഉടനെ കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോം 1984 വരെയുള്ള ഗ്രാന്റ് നൽകിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷത്തേയും കറന്റ് ഇയറിലേതും കൊടുക്കാനുള്ള നടപടി സ്വീകരിച്ചുവരുകയാണ്. ഇപ്പോം, ഏറെറവും കുറഞ്ഞ ഗ്രാന്റ് ആയിരം രൂപയായും അതിനനുസരിച്ചുള്ള മറെറ് ആനുകൂല്യങ്ങളും ഉയർത്തണമെന്നും സംഘം കൺട്രോം ബോർഡ് ശുപാർശചെയ്തിട്ടുണ്ട്. അത് ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന വിഷയമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കാര്യമായ നിലയിൽ, ഈ രംഗത്ത് പ്രോൽസാഹനമെന്നുള്ള നിലയിൽ നൽകിയത് ലൈബ്രേറിയൻമാരുടെ അലവൻസ് വർദ്ധിപ്പിച്ചതാണ്. നേരത്തെ എ.ബി.സി. ഗ്രേഡിൽപെട്ട ഗ്രന്ഥശാലകൾക്ക് ഉണ്ടായിരുന്ന ലൈബ്രേറിയൻ അലവൻസ് 25 രൂപയും, ഡി. ഗ്രേഡിന് 20 രൂപയുമായിരുന്നു. ഇ, എഫ് ഗ്രേഡുകൾക്ക് യാതൊരു വിധത്തിലുള്ള അലവൻസും നൽകിയിരുന്നില്ല. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം 25 രൂപ എന്നുള്ളത് 75 രൂപയായും 20 രൂപ എന്നുള്ളത് 50 രൂപയായും വർദ്ധിപ്പിച്ചുകൊടുത്തു. അതുപോലെതന്നെ ഇ. എഫ് ഗ്രേഡുകളിൽപെട്ട ഗ്രന്ഥശാലകൾക്ക് പ്രതിമാസം 30 രൂപ പ്രകാരം നൽകുന്നതിനും തീരുമാനമെടുക്കുകയും അത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. അത് സ്വാഭാവികമായും, ലൈബ്രറികളുടെ പ്രത്യേകിച്ചും ഈ രംഗത്ത് പ്രവർത്തിക്കുന്ന യുവാക്കളായിട്ടുള്ള ആളുകൾക്ക് ഒരു പ്രചോദനം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച മറെറാരു കാര്യം ലൈബ്രറികെട്ടിടം നിർമ്മിക്കുന്നതിന് കൊടുക്കുന്ന ഗ്രാന്റിനെകുറിച്ചാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. 1968-ലെ പി.ഡബ്ലിയു.ഡി. നിരക്കിന്റെ 50 ശതമാനമെന്ന നിരക്കിലാണ് കൊടുത്തുകൊണ്ടിരുന്നത്. അത് മാറണമെന്ന തീരുമാനമെടുത്തിട്ടുണ്ട്. അത്, ഇപ്പോഴത്തെ പി.ഡബ്ലിയു.ഡി. റേറിന്റെ 50 ശതമാനമായി വർദ്ധിപ്പിക്കണമെന്നാണ് കൺട്രോം ബോർഡ് ശുപാർശ ചെയ്തിരിക്കുന്നത്. അത് ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയിലുണ്ട്. താമസിയാതെ അക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയും.

ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറെറാരു സംഗതി നേരത്തേ ഇലക്ട്രിസിറെറി സൗജന്യമായി കൊടുത്തുകൊണ്ടിരുന്നു എന്നാണ്. ഇലക്ട്രിസിറെറി ബോർഡുമായി ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തി വരികയാണ്. ബോർഡിൻെറകൂടി അഭിപ്രായം അറിഞ്ഞതിനുശേഷം സൗജന്യമായി, നേരത്തേ കൊടുത്തിരുന്നതുപോലെതന്നെ കൊടുക്കാൻ കഴിയുമോയെന്നുള്ളത് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ അവസാനതീരുമാനമെടുക്കാൻ ഗവൺമെൻറിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

മറെറാരു കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, ലൈബ്രറികൾക്ക് ടെലിവിഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ്. അതൊരു സ്കീമായി ഗവൺമെൻറ് അംഗീകരിച്ച്, ഈ പ്രാവശ്യം മൂന്നു നാല് ലൈബ്രറികൾക്ക് കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തികമായ ബുദ്ധിമുട്ട് ഒരു ഭാഗത്തുണ്ടെങ്കിലും ഗ്രാമീണ വായനശാലകൾക്ക് ടെലിവിഷൻ നൽകുന്നത് ഒരു നല്ല കാര്യമാണ്. കൺട്രോൾ ബോർഡ് അങ്ങനെ ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ ഗവൺമെൻറിന് ഏതു പരിധിവരെ പോകാൻ കഴിയുമെന്നുള്ളത് ഇപ്പോൾ വ്യക്തമായി പറയാൻ കഴിയുകയില്ല. എന്നാലും ഈ വിഷയവും ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്ന മറെറാരു കാര്യമാണ്.

ബില്ലിനെക്കുറിച്ചാണ് പിന്നെ പറഞ്ഞത്. വരുന്ന തിരുവോണം ഗ്രന്ഥശാലബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. ഇന്നത്തെ കൗൺസിൽ മീറിംഗിൽ അത് പാസാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെയാണെങ്കിൽ വരുന്ന തിരുവോണം ആ ബില്ല് സർക്കുലേറ്റ് ചെയ്യാൻ കഴിയുന്നതാണ്. ആ ബില്ല് നിയമസഭ ചർച്ച ചെയ്ത് അംഗീകരിച്ചുകഴിയുമ്പോൾ ഈ പറയുന്ന കാര്യങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കാൻ കഴിയും. ഗ്രന്ഥശാലകളുടെ ജനകീയ സ്വഭാവം നിലനിറുത്തിക്കൊണ്ടുതന്നെ ഇതിൻെറ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ഗവൺമെൻറിൻെറ ആഗ്രഹം. നിയമനിർമ്മാണ രംഗത്ത് വളരെയേറെ പുരോഗമിച്ച, വളരെയേറെ പുരോഗമനപരമായ നേട്ടങ്ങൾ മറെറ് സംസ്ഥാനങ്ങൾക്ക് കാഴ്ചവയ്ക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും ഇത്രയും കാലമായിട്ടും ഗ്രന്ഥശാലാ നിയമം കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞില്ലായെന്ന ഒരു അപാകതയുണ്ട്. അത് പരിഹരിക്കാനുള്ള നടപടി ഗവൺമെൻറ് സത്വരമായി സ്വീകരിച്ചിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ഈ പറയുന്ന പ്രശ്നങ്ങൾക്കെല്ലാം പൂർണ്ണമായ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ കഴിയുന്നതും ഗ്രന്ഥശാലകൾക്ക് പ്രോൽസാഹനം കൊടുക്കാനുള്ള നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചുവരുന്നത്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): നേരത്തേ എൻ.ആർ.ഇ.പി. സ്കീമിൽ ഉൾപ്പെടുത്തി ഗ്രന്ഥശാലാ കെട്ടിടങ്ങൾ പണിയുന്നതിനുള്ള നടപടിയുണ്ടായിരുന്നു. ഇപ്പോൾ അതിന് അനു

LIBRARY ARCHIVES Kerala Legislative Assembly

വാദമില്ല. അതുകൊണ്ട് എൻ.ആർ.ഇ.പി. സ്കീമിൽ പെടുത്തി ഗ്രന്ഥശാലാ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: എൻ.ആർ.ഇ.പി. സ്കീമിൽ മിക്കവാറും എല്ലാ പൊതുസ്വഭാവവുമുള്ള കെട്ടിടം നിർമ്മിക്കാനും കഴിയുന്നതാണെന്നാണ് എനിക്ക് തോന്നുന്നത്. എന്തുചെയ്യാൻ കഴിയുമെന്നുള്ളത് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കാം.

(2) വിദേശത്തു ജോലി ചെയ്യുന്ന മലയാളികൾ നാട്ടിൽ വരുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾ.—

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: സർ, മറുനാട്ടിലെ മണൽക്കാടുകളിൽ പകലന്തിയോളം അദ്ധ്വാനിച്ച് വളരെ പ്രതീക്ഷകളോടുകൂടി നാട്ടിലെത്തുമ്പോൾ നരകതുല്യമായ പരിചരണം ലഭിക്കുന്ന ഹതഭാഗ്യരായ കേരളീയരുടെ കഥയാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഈ പ്രശ്നം താഴെ പറയുംപ്രകാരം സംഗ്രഹിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഒന്നാമതായി കസ്റ്റംസ്കാരുടെ പെരുമാറ്റത്തെക്കുറിച്ചാണ് പറയാനുള്ളത്. ലോകത്ത് ആരു പറഞ്ഞാലും തിരുത്താൻ തയ്യാറില്ലാത്ത വിധം കസ്റ്റംസിൽ ചില കസ്റ്റംസ് നിലനിൽക്കുന്നുണ്ട്. ഈ കസ്റ്റംസ് തിരുത്തിക്കുറിക്കേണ്ടത് അത്യാവശ്യമാണ്. യാത്രക്കാരോട് വളരെ ക്രൂരമായ വിധത്തിലാണ് കസ്റ്റംസുകാർ പെരുമാറുന്നത്. യാതൊരു വിധ തത്വദീക്ഷയുമില്ലാത്ത ഡ്യൂട്ടിയിംഗ് സമ്പ്രദായമാണ് അവർ ചെലുത്തുന്നത്. യഥാർത്ഥത്തിൽ വിദേശത്തുനിന്ന് ജോലിയൊക്കെ ഉപേക്ഷിച്ച് പോരുന്നവർക്കുകൂടി വൻതോതിലുള്ള വിഷമങ്ങളാണ് ഈ ക്രൂരമായ പെരുമാറ്റത്തിനേറെയും ഡ്യൂട്ടിയിംഗ് സമ്പ്രദായത്തിനേറെയും ഫലമായി അനുഭവപ്പെടുന്നത്. അതുകൂടാതെ, വിമാനമിറങ്ങി വീട്ടിലെത്തുന്നതുവരെ വഴിനീളെ ചെക്കിംഗ്, റീചെക്കിംഗ് എന്നൊക്കെയുള്ള പേരിൽ ഈ യാത്രക്കാരെ ക്രിമിനൽസിനെപോലെ പിൻതുടരുന്ന ഒരു അവസ്ഥയാണ് ഇന്ന് നിലവിലുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

രണ്ടാമത്തെകാര്യം എയർ ഇൻഡ്യ വസൂലാക്കുന്ന ചാർജ്ജിനെക്കുറിച്ചാണ്. എയർ ഇൻഡ്യ യാതൊരു തത്വദീക്ഷയുമില്ലാത്ത വിധത്തിൽ അമിതമായ ചാർജ്ജാണ് യാത്രക്കാരിൽനിന്ന് ഈടാക്കുന്നത്. എയർ ഇൻഡ്യയുടെ ഒരു ഉദ്യോഗസ്ഥൻ അതിന് ഈയിടെ പറഞ്ഞിട്ടുള്ള ന്യായീകരണമെന്താണെന്നു വച്ചാൽ "They can afford it." എന്നാണ്. ഒരുപക്ഷേ അവർക്ക് താങ്ങാൻ കഴിയുമായിരിക്കാം, കഴിയുകയില്ലായിരിക്കാം. പക്ഷേ ചാർജ് അമിതമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഈയിടെ ഇവിടെ വന്നപ്പോൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുത്തിയത് സന്തോഷകരമാണ്. അമിതമായ ചാർജ് ഈടാക്കുന്നത് അവസാനിപ്പിക്കണമെന്നാണ് അതിനെക്കുറിച്ച് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. അതുപോലെതന്നെ നടക്കുന്ന വിവിധ തരം തട്ടിപ്പുകൾ. പാസ്പോർട്ട്, വിസ, എമിഗ്രേഷൻ, ഡ്യൂട്ടിക്ലിയറൻസ് എന്നിവയ

LIBRARY ARCHIVES Kerala Legislative Assembly